ചോറ്റാനിക്കര ക്ഷേത്രത്തിൽ മകം ഉൽസവത്തിന് ഒരുക്കങ്ങൾ പൂർത്തിയായി

മകം തൊഴൽ 26ന്

ചോറ്റാനിക്കര: തീർഥാടന കേന്ദ്രമായ ചോറ്റാനിക്കര ക്ഷേത്രത്തിൽ മകം ഉൽസവത്തിന് ഒരുക്കങ്ങൾ പൂർത്തിയായതായി ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ബിജു . ആർ .പിള്ള അറിയിച്ചു. ഉത്സവം ഈ മാസം 20 ന് കൊടിയേറും. 26 നാണ് പ്രസിദ്ധമായ മകം തൊഴൽ .
ഉച്ചയ്ക്ക് 2 മുതൽ രാത്രി 10 വരെ മകം തൊഴൽ നടക്കും. ജില്ലാ ഭരണകൂടം കൊച്ചിൻ ദേവസ്വം ബോർഡ് ,ചോറ്റാനിക്കര പഞ്ചായത്ത് ഭാരവാഹികൾ എന്നിവർ സംയുക്തമായി നടത്തിയ യോഗത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് മകം തൊഴൽ നടത്താൻ തീരുമാനിച്ചു.
60 നും 10 വയസ്സിനും ഇടയിലുള്ളവർക്കും രോഗലക്ഷണങ്ങൾ ഉള്ളവർക്കും പ്രവേശനം ഉണ്ടാകില്ല.
24 മണിക്കൂറിനു മുമ്പുള്ള ടെസ്റ്റ് റിപ്പോർട്ട് ഉണ്ടാകേണ്ടതാണ്. ഭക്തർ മാനദണ്ഡങ്ങൾ അനുസരിച്ച് പോലീസ്, വാളണ്ടിയർമാർ, ദേവസ്വം ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ പാലിക്കണം.
മകം ഉത്സവത്തിന്റെ ഭാഗമായി ഓരോ ദിവസവും ആറാട്ടു നടത്തുന്ന കിഴക്കേച്ചിറ ,തെക്കേച്ചിറ ,ഓണക്കുറ്റിച്ചിറ തുടങ്ങിയിടങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

615 പേർക്ക് കോവിഡ്

കൊച്ചി: എറണാകുളം ജില്ലയിൽ ഇന്നലെ 615 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. ഇതിൽ 580 പേർക്ക് രോഗം പിടിപെട്ടത് സമ്പർക്കത്തിലൂടെ. ആറു ആരോഗ്യപ്രവർത്തകർക്കും വിദേശം, ഇതരസംസ്ഥാനം എന്നിവിടങ്ങളിൽ നിന്നുമെത്തിയ ഒരാൾക്കും രോഗം സ്ഥിരീകരിച്ചു. ഉറവിടമറിയാത്ത 28 കോവിഡ് പോസിറ്റീവ് കേസുകളും ഇന്നലെ റിപ്പോർട്ട് ചെയ്തു.
ഇന്നലെ 605 പേർ രോഗമുക്തി നേടി. 1783 പേരെ ജില്ലയിൽ പുതിയതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 1335 പേരെ നിരീക്ഷണപട്ടികയിൽ നിന്നും ഒഴിവാക്കി. വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 23935 ആണ്. ഇന്നലെ 87 പേരെ ആശുപത്രിയിലും എഫ്.എൽ.റ്റി.സിയിലും പ്രവേശിപ്പിച്ചു. വിവിധ ആശുപ്രതികളിലും എഫ്.എൽ.റ്റി.സികളിൽ നിന്നും 137 പേരെ ഇന്നലെ ഡിസ്ചാർജ് ചെയ്തു. ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 10247 ആണ്. കളമശ്ശേരി മെഡിക്കൽ കോളേജ്-45, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി-21, പള്ളുരുത്തി താലൂക്ക് ആശുപത്രി-8, പി.വി.എസ്-59, ജി.എച്ച് മൂവാറ്റുപുഴ-21, ഡി.എച്ച് ആലുവ-9, സഞ്ജീവനി-24, സിയാൽ-42, സ്വകാര്യ ആശുപത്രികൾ-692, എഫ്.എൽ.റ്റി.സികൾ-157, എസ്.എൽ.റ്റി.സികൾ-208, വീടുകൾ-8346 എന്നിങ്ങനെയാണ് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം. ജില്ലയിൽ നിന്നും കോവിഡ് 19 പരിശോധനയുടെ ഭാഗമായി സർക്കാർ സ്വകാര്യ മേഖലകളിൽ നിന്നായി ഇന്നലെ 8026 സാമ്പിളുകൾ അയച്ചു.
തൃപ്പൂണിത്തുറ-24, രായമംഗലം-22, കടവന്ത്ര-19, തൃക്കാക്കര-17, കുമ്പളം-14, കോതമംഗലം-13, ചെങ്ങമനാട്-13, പായിപ്ര-13, മരട്-13, പാലക്കുഴ-12, ആരക്കുഴ-10, മുളന്തുരുത്തി-10, മൂവാറ്റുപുഴ-10, വേങ്ങൂർ-10, കുന്നത്തുനാട്-9, കുന്നുകര-9, ചൂർണ്ണിക്കര-9, ചേരാനല്ലൂർ-9, നോർത്തുപറവൂർ-9, പാറക്കടവ്-9, മട്ടാഞ്ചേരി-9, വടവുകോട്-9, വെങ്ങോല-9, വൈറ്റില-9, അങ്കമാലി-8, ഇടപ്പള്ളി-8, കാലടി-8, കോട്ടുവള്ളി-8, ചോറ്റാനിക്കര-8, എടത്തല-7, എടവനക്കാട്-7, കീരംപാറ-7, മഞ്ഞപ്ര-7, മഴുവന്നൂർ-7, ഉദയംപേരൂർ-6, ഏലൂർ-6, ഏഴിക്കര-6, കലൂർ-6, കളമശ്ശേരി-6, കവളങ്ങാട്-6, കിഴക്കമ്പലം-6, കുട്ടമ്പുഴ-6, കൂവപ്പടി-6, തിരുവാണിയൂർ-6, തുറവൂർ-6, ഫോർട്ട് കൊച്ചി-6, മൂളവൂകാട്-6, ആലുവ-5, എറണാകുളം നോർത്ത്-5, കടുങ്ങല്ലൂർ-5, കോട്ടപ്പടി-5, തോപ്പുംപടി-5, നെല്ലിക്കുഴി-5, പള്ളിപ്പുറം-5, പാമ്പാകുട-5 എന്നിങ്ങനെ ഇന്നലെ രോഗം സ്ഥിരീകരിച്ചു.
അശമന്നൂർ, ആവോലി, എടക്കാട്ടുവയൽ, ചെല്ലാനം, തിരുമാറാടി, പാലാരിവട്ടം, പെരുമ്പാവൂർ, മലയാറ്റൂർ നീലീശ്വരം, വാളകം, വെണ്ണല, ആയവന, ഇലഞ്ഞി, എറണാകുളം സൗത്ത്, എളംകുന്നപ്പുഴ, കറുകുറ്റി, കീഴ്മാട്, തേവര, നായരമ്പലം, നെടുമ്പാശ്ശേരി, പള്ളുരുത്തി, പിറവം, പോണേക്കര, മഞ്ഞള്ളൂർ, മാറാടി, മൂക്കന്നൂർ, വടുതല, വരാപ്പുഴ, ആമ്പല്ലൂർ, ആലങ്ങാട്, ഇടക്കൊച്ചി, എളമക്കര, കരുമാലൂർ, കരുവേലിപ്പടി, കുമ്പളങ്ങി, ചിറ്റാറ്റുകര, ചേന്ദമംഗലം, തമ്മനം, പനമ്പള്ളി നഗർ, പല്ലാരിമംഗലം, പൂണിത്തുറ, വാഴക്കുളം, കാഞ്ഞൂർ, ഞാറക്കൽ, പച്ചാളം, പിണ്ടിമന, പുത്തൻവേലിക്കര, പൂതൃക്ക, പൈങ്ങോട്ടൂർ, പോത്താനിക്കാട്, രാമമംഗലം, വടക്കേക്കര, വാരപ്പെട്ടി എന്നിവിടങ്ങളിൽ അഞ്ചിൽ താഴെ കോവിഡ് പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തു.

● കലൂർ ഖാദി ടവറിൽ ഫാഷൻ ഡിസൈൻ സ്റ്റുഡിയോ മന്ത്രി ഇ. പി. ജയരാജൻ ഉദ്ഘാടനം ചെയ്തപ്പോൾ. ശ്രീകൃഷ്ണപുരം പട്ട്സാരി വിപണിയിലിറക്കുന്നു. ഖാദി ബോർഡ് ചെയർമാൻ ഡോ. കെ.എ. രതീഷ്, ഖാദി ബോർഡ് ഉപാധ്യക്ഷ ശോഭനാ ജോർജ് എന്നിവർ സമീപം – മംഗളം

പി.എസ്.സി ഓഫീസിന് മുന്നിൽ മുട്ടുകുത്തി പ്രാർഥന

കൊച്ചി: സംസ്ഥാന സർക്കാരിന്റെ പിൻവാതിൽ നിയമനങ്ങളിൽ പ്രതിഷേധിച്ചും നിയമനം ആവശ്യപ്പെട്ട് സമരരംഗത്തുള്ള റാങ്ക് ഹോൾഡേഴ്സിന് പിന്തുണ പ്രഖ്യാപിച്ചും യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തകർ എറണാകുളം മേഖല പി.എസ്.സി ഓഫീസിന് മുന്നിൽ മുട്ടുകുത്തി പ്രാർഥിച്ചു. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നല്കാൻ കരുണയുണ്ടാകണെമന്നു മുഖ്യമന്ത്രിയോടും പി.എസ്.സി. ചെയർമാനോടും അപേക്ഷിച്ച പ്രവർത്തകർ പി.എസ്.സി ഓഫീസിനു മുന്നിൽ പാർട്ടി സർവീസ് കമ്മീഷൻ എന്ന ബോർഡും സ്ഥാപിച്ചു.
യൂത്ത് കോൺഗ്രസ് ദേശീയ കോർഡിനേറ്റർ ദീപക്ക് ജോയ് ഉത്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ടിറ്റോ ആന്റണി അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ആബിദ് അലി, ജിന്റോ ജോൺ, അബിൻ വർക്കി, സംസ്ഥാന സെക്രട്ടറിമാരായ ജിൻഷാദ് ജിന്നാസ്, കെ. കെ അരുൺകുമാർ, അഫ്സൽ നന്ന്യാരത്, അജ്മൽ എ. എ, ജില്ലാ ഭാരവാഹികളായ അഷ്കർ പനയപ്പിള്ളി, ഷാൻ മുഹമ്മദ്, റമീസ് കെ. എ, ഡി.സി.സി മെമ്പർ വിജു ചൂളക്കൻ തുടങ്ങിയവർ പങ്കെടുത്തു.

പഴുതടച്ച സുരക്ഷ ഉറപ്പാക്കി എച്ച്.ഒ.സി.എൽ മോക്ക് ഡ്രിൽ

കൊച്ചി: അത്യാഹിത സാഹചര്യങ്ങളെ നേരിടുന്നതിന് വിവിധ സുരക്ഷാ സംവിധാനങ്ങളെ സജ്ജമാക്കുന്നതിനായി അമ്പലമേട് എച്ചി.ഒ.സി.എലിൽ സംഘടിപ്പിച്ച മോക്ക് ഡ്രിൽ വിജയം. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിലാണ് മോക്ക് ഡ്രിൽ സംഘടിപ്പിച്ചത്. മുൻനിശ്ചയിച്ച രീതിയിൽ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് വിവിധ സുരക്ഷാ സംവിധാനങ്ങളുടെയും വകുപ്പുകളുടെയും കൃത്യമായ ഏകോപനം മോക്ക് ഡ്രില്ലിൽ സാധ്യമായി. ജില്ലാതല കൺട്രോൾ റൂമായി കളക്ടറേറ്റിലെ ജില്ല അടിയന്തര ഘട്ട കാര്യനിർവഹണ കേന്ദ്രം, പ്രാദേശിക കൺട്രോൾ റൂമായി അമ്പലമേട് പോലീസ് സ്റ്റേഷൻ എന്നിവയിലൂടെയാണ് മോക്ക് ഡ്രിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.
ഇന്നലെ ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിച്ച മോക്ക് ഡ്രില്ലിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ 1.30 ഓടെ പൂർത്തിയായി. ജില്ലാ ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ എസ്. ഷാജഹാൻ, ജില്ലാ ഹസാർഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ, എന്നിവർ മോക്ക് ഡ്രിൽ അവലോകന യോഗത്തിൽ പങ്കെടുത്തു.

● പിൻവാതിൽ നിയമനങ്ങളിൽ പ്രതിഷേധിച്ചും റാങ്ക് ഹോൾഡേഴ്സിന്റെ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചും ജില്ലാ പി.എസ്.സി ഓഫീസിന് മുന്നിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ മുട്ടുകുത്തി പ്രാർഥനസമരം നടത്തുന്നു. മഹേഷ്പ്രഭു

ഗ്രാമസഭാ യോഗം

കൊച്ചി: ജില്ലാ പഞ്ചായത്ത് 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നടത്തുന്ന ഗ്രാമസഭാ യോഗം ഇന്ന് രാവിലെ 10.30ന് ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ ചേരുന്നു. പി.ടി. തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻമാർ, തുടങ്ങിയവർ പങ്കെടുക്കും.

രേഖകളില്ല

കൊച്ചിയിൽ ലക്ഷങ്ങളുടെ ഈട്ടിത്തടി പിടിച്ചു

കൊച്ചി: മതിയായ രേഖകൾ ഇല്ലാതെ കൊണ്ടുവന്ന ഈട്ടിത്തടി വനംവകുപ്പ് പിടിച്ചെടുത്തു. 18 ലക്ഷം രൂപ വിലമതിക്കുന്ന ഒരു ലോഡ് തടിയാണ് വനം വകുപ്പ് കസ്റ്റഡിയിൽ എടുത്തത്.
വയനാട്ടിൽ നിന്ന് കൊച്ചിയിലെ വ്യാപാരി കൊണ്ടുവന്ന തടിയാണ് പിടികൂടിയത്. മേപ്പാടി റെയിഞ്ച് ഓഫീസറാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.
വയനാട്ടിൽ വ്യക്തികളുടെ പറമ്പിൽ നിന്ന് തടി മുറിച്ചുകൊണ്ടുവരികയായിരുന്നു.
പട്ടയഭൂമിയിൽ നിന്ന് മുറിച്ചെടുത്തതെന്ന വ്യാജേനയാണ് തടിവിൽപന നടത്തിയത്. തടി വിറ്റയാൾക്കെതിരേയാണ് കേസ്. വൻ തുകയ്ക്ക് തടി വാങ്ങിയ കൊച്ചിയിലെ മരവ്യവസായിക്ക് മതിയായ പാസുകൾ വിറ്റയാൾ നൽകിയില്ല.
പലകുറി ആവശ്യപ്പെട്ടിട്ടും രേഖകൾ ലഭിക്കാതെ വന്നപ്പോൾ സംശയതോന്നിയ കൊച്ചിയിലെ മില്ലുടമയായ വ്യവസായി വനം വകുപ്പിനെ വിവരം അറിയിച്ചു.
തനിക്കു ലഭിച്ചത് കള്ളത്തടിയാണോയെന്ന് സംശയമുണ്ടെന്നായിരുന്നു ഇയാൾ വനം വകുപ്പിനെ അറിയിച്ചത്.
തുടർന്ന് റേഞ്ച് ഓഫീസർ അടക്കമുള്ളവർ നടത്തിയ പരിശോധനയിലാണ് കള്ളത്തടിയാണെന്ന് തെളിഞ്ഞത്. പിടിച്ചെടുത്ത കൂറ്റൻ ഈട്ടിത്തടി ലോറി സഹിതം വനം വകുപ്പ് എറണാകുളത്തു നിന്ന് വയനാട്ടിലേക്ക് തിരിച്ചുകൊണ്ടുപോകുകയും ചെയ്തു.

● കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ചേരാനെല്ലൂർ പഞ്ചായത്ത് നിവാസികളും ജനപ്രതിനിധികളും ടി.ജെ. വിനോദ് എം.എൽ.എയുടെ നേതൃത്വത്തിൽ എറണാകുളം വാട്ടർ അതോറിറ്റി സൂപ്രണ്ടിങ് എൻജിനീയർ സി.കെ പ്രീതിമോളെ ഉപരോധിക്കുന്നു – മംഗളം

കായലിൽ മുങ്ങിത്താഴ്ന്നയാളെ നാവിക സേന ഉദ്യോഗസ്ഥർ രക്ഷപ്പെടുത്തി

കൊച്ചി: കായലിൽ മുങ്ങിത്താഴുകയായിരുന്ന മദ്ധ്യവയസ്ക്കനെ നാവിക സേന ഉദ്യോഗസ്ഥർ രക്ഷപ്പെടുത്തി. പോളി(55)നെയാണ് ഉദ്യോഗസ്ഥർ രക്ഷപ്പെടുത്തിയത്. ഇന്നലെ രാവിലെ പതിവ് പരിശീലനത്തിനിടെ വെൻഡുരുത്തി ചാനലിൽ (വിക്രാന്ത് പാലത്തിന് സമീപം) മുങ്ങിത്താഴുന്നത് ശ്രദ്ധയിൽപ്പെട്ട നാവികസേനാ ഉദ്യോഗസ്ഥർ ഇയാളെ സുരക്ഷാബോട്ടിൽ കരയ്ക്കെത്തിക്കുകയായിരുന്നു.
അബോധാവസ്ഥയിലായിരുന്ന ഇയാളെ ആദ്യം നാവികസേനാ ആശുപത്രിയായ ഐ.എൻ.എസ് സഞ്ചീവനിയിലും പിന്നീട് കളമശേരി മെഡിക്കൽ കോളേജിലേയ്ക്കും മാറ്റി. പ്രാഥമിക ചികിത്സയിൽ ബോധം വീണ്ടെടുത്തതായും ഇയാളുടെ ആരോഗ്യനില മെച്ചപ്പെട്ടതായും ആശുപത്രി അധികൃതർ അറിയിച്ചു.

ജനസഭയ്ക്ക് ഇന്ന് പള്ളുരുത്തിയിൽ തുടക്കം

കൊച്ചി: ജില്ലയുടെ മുഖച്ഛായ മാറ്റിയ പദ്ധതികളെക്കുറിച്ചും വികസന നാൾവഴികളെക്കുറിച്ചും തുറന്ന സംവാദത്തിന് വേദിയൊരുക്കുന്ന ജില്ലാ ഇൻഫർമേഷൻ ഓഫീസ് സംഘടിപ്പിക്കുന്ന ജനസഭയ്ക്ക് ഇന്ന് പള്ളുരുത്തിയിൽ തുടക്കം. എം.സ്വരാജ് എം.എൽ.എ, ജോൺ ഫെർണാണ്ടസ് എം.എൽ എ, കൊച്ചി നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻ വി.എ. ശ്രീജിത്ത്, ജനപ്രതിനിധികൾ, സാമൂഹ്യ, സാംസ്കാരിക, ചലച്ചിത്ര മേഖലകളിലെ നേതാക്കൾ, പ്രവർത്തകർ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുക്കുന്ന ജനസഭ പള്ളുരുത്തി ഇ.കെ.നാരായണൻ സ്ക്വയറിൽ രാവിലെ 10 മണിക്ക് ആരംഭിക്കും. ജനങ്ങളുടെ ജീവിതത്തിൽ പ്രളയത്തിനും മഹാമാരികൾക്കും ഇടയിലും പോസിറ്റീവായ മാറ്റങ്ങൾ കൊണ്ടുവന്ന പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, പ്രഭാഷണങ്ങൾ, വികസനോന്മുഖ ക്വിസ് മത്സരങ്ങൾ തുടങ്ങിയവ പരിപാടിയിലുണ്ടാകും. വൈകിട്ട് 4ന് കൊച്ചിയിലും ജനസഭ നടക്കും. നാളെ രാവിലെ 10ന് ഏലൂരിലും വൈകീട്ട് നാലിന് കുറുമശ്ശേരിയിലും 12ന് രാവിലെ 10ന് കീഴ്മാടും വൈകീട്ട് നാലിന് രായമംഗലത്തും 13ന് രാവിലെ 10ന് മൂവാറ്റുപുഴയിലും വൈകീട്ട് 4ന് വലമ്പൂരിലും 14ന് രാവിലെ 10ന് തൃപ്പൂണിത്തുറയിലും വൈകീട്ട് 4ന് ഞാറക്കലിലും ജനസഭ അരങ്ങേറും.

Aster
We'll Treat You Well
Aster DM Healthcare Limited

CIN : L85110KL2008PLC021703
രജിസ്ട്രേഡ് ഓഫീസ്: IX/475L, ആസ്റ്റർ മെഡ്സിറ്റി, കുട്ടിസാഹിബ് റോഡ്,
കോതാട് ബ്രിഡ്ജിന് സമീപം, സൗത്ത് ചിറ്റൂർ പി.ഒ., ചേരാനല്ലൂർ, കൊച്ചി 682027, കേരള, ഇന്ത്യ
T: 0484 6699228 E: investors@asterdmhealthcare.com W: www.asterdmhealthcare.com

2020 ഡിസംബർ 31ന് അവസാനിച്ച പാദവർഷത്തിന്റെയും ഒൻപത് മാസത്തെയും ഓഡിറ്റ് ചെയ്യപ്പെടാത്ത സാമ്പത്തിക ഫലങ്ങളുടെ പ്രസ്താവന

(തുക കോടി ഇന്ത്യൻ രൂപയിൽ, പ്രതി ഓഹരി ഡാറ്റ ഒഴികെ)

ഇനങ്ങൾ	ഏകീകരിച്ചത്						വേർതിരിച്ചത്					
	ത്രൈമാസത്തിൽ			ഒൻപത് മാസത്തിൽ		വർഷാന്ത്യത്തിൽ	ത്രൈമാസത്തിൽ			ഒൻപത് മാസത്തിൽ		വർഷാന്ത്യത്തിൽ
	31 ഡിസംബർ 2020	30 സെപ്റ്റംബർ 2020	31 ഡിസംബർ 2019	31 ഡിസംബർ 2020	31 ഡിസംബർ 2019	31 മാർച്ച് 2020	31 ഡിസംബർ 2020	30 സെപ്റ്റംബർ 2020	31 ഡിസംബർ 2019	31 ഡിസംബർ 2020	31 ഡിസംബർ 2019	31 മാർച്ച് 2020
	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്യാത്തത്	ഓഡിറ്റ് ചെയ്തത്
ആകെ വരുമാനം	2,264.57	2,275.65	2,325.58	6,307.37	6,448.43	8,776.37	221.72	170.23	291.48	527.35	665.20	874.93
നികുതിയൊഴികെയുള്ള അറ്റാദായം	115.23	52.57	159.67	83.08	183.78	330.04	(7.52)	(19.51)	85.48	(54.54)	64.28	64.61
നികുതി കഴിഞ്ഞുള്ള അറ്റാദായം	107.45	42.25	151.43	61.11	168.35	314.66	(7.52)	(19.50)	81.61	(54.54)	60.41	60.61
ആകെ മൊത്തവരുമാനം / (നഷ്ടം)	54.68	40.95	170.93	18.84	216.37	459.27	(7.52)	(19.47)	81.64	(54.54)	60.50	60.36
ഇക്വിറ്റി ഓഹരി മൂലധനം	499.52	499.52	505.23	499.52	505.23	499.52	499.52	499.52	505.23	499.52	505.23	499.52
ഇതര ഇക്വിറ്റി	-	-	-	-	-	2,772.62	-	-	-	-	-	2,431.08
പ്രതി ഓഹരി ആദായം (മുഖവില 10 രൂപ വീതം)	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക് അല്ലാത്തത്	വർഷത്തേയ്ക്ക്
അടിസ്ഥാന പ്രതി ഓഹരി ആദായം	1.86	0.66	2.78	0.85	2.90	5.51	(0.15)	(0.40)	1.62	(1.10)	1.20	1.21
ലഘൂകരിച്ച പ്രതി ഓഹരി ആദായം	1.86	0.66	2.77	0.85	2.89	5.50	(0.15)	(0.40)	1.62	(1.10)	1.20	1.21

- 2020 ഡിസംബർ 31ന് അവസാനിക്കുന്ന സമയപരിധിയിലെ കമ്പനിയുടെ, ഓഡിറ്റ് ചെയ്യാത്ത, ഏകീകരിച്ചതും വേർതിരിച്ചതുമായ ധനകാര്യഫലങ്ങൾ, ബോർഡിന്റെ ഓഡിറ്റ് കമ്മിറ്റി 2021 ഫെബ്രുവരി 9ന് അവലോകനം ചെയ്യുകയും 2021, ഫെബ്രുവരി 9 നു ചേർന്ന യോഗത്തിൽ ഡയക്ടർ ബോർഡ് അത് അംഗീകരിക്കുകയും ചെയ്തു.
- സെബി (ലിസ്റ്റിംഗ് ഒബ്ലിഗേഷൻസ് ആൻഡ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റെഗുലേഷൻസ്, 2015 ന്റെ റെഗുലേഷൻ 33 അനുസരിച്ച്, സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ സമർപ്പിച്ച പാദവാർഷിക സാമ്പത്തിക ഫലങ്ങളുടെ വിശദമായ ഫോർമാറ്റിൽ നിന്നെടുത്തിരിക്കുന്ന വിവരങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. പാദവാർഷിക ധനകാര്യ പ്രസ്താവനയുടെ പൂർണ്ണരൂപം കമ്പനിയുടെ വെബ്സൈറ്റിലും (www.asterdmhealthcare.com/investors) സ്റ്റോക്ക് എക്സ്ചേഞ്ച് വെബ്സൈറ്റുകളിലും ലഭ്യമാക്കിയിട്ടുണ്ട്. BSE https://www.bseindia.com/ and NSE https://www.nseindia.com/
- കമ്പനിയുടെ നിയമപ്രകാരമുള്ള ഓഡിറ്ററായ ഡെലോയിറ്റ് ഹാസ്കിൻസ് & സെൽസ് ഈ പ്രസ്താവന പരിമിതമായ പരിശോധനയ്ക്കു വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്ററുടെ റിവ്യൂ റിപ്പോർട്ട് മാറ്റം വരുത്താത്തതാണ്.

ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ലിമിറ്റഡിനു വേണ്ടി

ഒപ്പ്/-
ഡോ.ആസാദ് മൂപ്പൻ
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
DIN: 00159403

സ്ഥലം: ദുബായ്
തീയതി: ഫെബ്രുവരി 09, 2021